(ബി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ ഇപ്പോൾ വിദേശമദ്യം കെട്ടിക്കിടപ്പില്ല.

(സി) നേരത്തേതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

16 (*136) കെൽട്രോൺ റെക്ടിഫയേഴ്സിന് നൽകിയ സഹായം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ റെക്ടിഫയേഴ്സിന് ഈ ഗവൺമെന്റ് എന്ത് തുകയുടെ സഹായം നൽകിയിട്ടുണ്ട്;

(ബി) ഈ തുക എന്തിനെല്ലാം വിനിയോഗിച്ചു;

(സി) ഈ സ്ഥാപനം ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടു കൊണ്ടിരിക്കുകയാണോ;

(ഡി) ഈ സ്ഥാപനത്തെ രക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കെൽട്രോൺ റെക്ടിഫയേഴ്സിന് ഈ ഗവൺമെന്റ് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡു വഴി പ്രവർത്തനമൂലധന വായ്പയായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ഈ തുക കമ്പനിയുടെ താൽക്കാലിക പ്രവർത്തനത്തിനാണ് വിനിയോഗിച്ചത്.

(സി) കമ്പനി അടച്ചുപൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കാനും ജൂലൈ 23-നകം ബന്ധപ്പെട്ട തെളിവു സഹിതം സമർപ്പിക്കാനും 2000 ജൂൺ 11- ന് ബി.ഐ.എഫ്.ആർ. ഉത്തരവിട്ടിരിക്കുകയാണ്.

(ഡി) ഹ്രസ്വകാല പ്രവർത്തന മൂലധനമായി 10 ലക്ഷം രൂപയുടെ വായ്പ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ഇപ്പോൾ നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബി.ഐ.എഫ്.ആറിന്റെ അടുത്ത ഹിയറിംഗിൽ ഇത് അംഗീകരിക്കുന്നതിന് അപേക്ഷിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

17 (*137) കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly